പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:3971 16/05/2017 ൽ മറുപടിക്ക്

## അഗ്രികൾച്ചറൽ ഓഫീസർമാരുടെ ഒഴിവുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ് : | ശ്രീ.വി. എസ്. സുനിൽകുമാർ (കൃഷിവകുപ്പ് മന്ത്രി) |
| കൃഷി വകുപ്പിൽ അഗ്രികൾച്ചറൽ ഓഫീസർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇത് നികത്തുന്നതിനായി അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ? | കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ അഗ്രികൾച്ചറൽ ഓഫീസർമാരുടെ 172 ഒഴിവുകൾ നിലവിലുണ്ട്. വകുപ്പുതല പ്രൊമോഷൻ മുഖേന നികത്തേണ്ട 13 ഒഴിവുകൾ കൂടാതെയുള്ള നേരിട്ട് നിയമനം നടത്തേണ്ട 159 ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് പി എസ് സി ഇന്റർവ്യൂ നടത്തിക്കഴിഞ്ഞിട്ടുണ്ട്. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് ഒഴിവുകളിൽ സമയബന്ധിതമായി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ